## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1554 — 05.12.2014 ലെ മറുപടിക്ക്

**മിഷൻ 676 - പ്രവാസി ക്ഷേമ പദ്ധതികൾ**

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. പി.എ. മാധവൻ
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. സി.പി. മുഹമ്മദ്

**മറുപടി**

ശ്രീ. കെ.സി. ജോസഫ്

(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിഷൻ 676 ൽ ഉൾപ്പെടുത്തി പ്രവാസി ക്ഷേമത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. പ്രവാസികാര്യ വകുപ്പിന് കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. മടങ്ങിവന്ന പ്രവാസികൾക്ക് പുനരധിവാസ പദ്ധതികൾ ആരംഭിച്ച് 100 ദിവസത്തിനുള്ളിൽ ഓരോ ജില്ലയിലും കുറഞ്ഞത് 50 സംരംഭകർക്കെങ്കിലും മൂലധന-പലിശ സബ്സിഡികളോടെ വായ്പ നൽകൽ. തുടർന്ന് ജില്ലകളിൽ ബാങ്കുകളുമായി ചേർന്ന് അദാലത്തുകൾ സംഘടിപ്പിച്ച്, സംരംഭകർക്ക് പരിശീലനം നൽകി, അർഹരായ എല്ലാ അപേക്ഷകർക്കും വായ്പ പദ്ധതി നടപ്പിലാക്കൽ.<br><br>2. നോർക്ക റൂട്ട്സിന്റെ Help Desk എല്ലാ |
| (ബി) | എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | | |

| | | | |
|---|---|---|---|
| | | | ജില്ലകളിലും ആരംഭിക്കൽ.<br><br>3. ഗൾഫ് രാജ്യങ്ങളിൽ ഒന്നാം ഘട്ടമായും മറ്റ് മേഖലയിൽ തുടർന്നും നോർക്ക അഡ്വൈസറി കമ്മിറ്റികളുടെ രൂപീകരണം.<br>4. ഗൾഫ് മേഖലയിലെ മലയാളികളായ ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചു കൂട്ടി മടങ്ങിവന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ജോലിക്കവസരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്ന പദ്ധതി.<br><br>5. പ്രവാസി ക്ഷേമനിധി നവീകരിക്കാനും കുടുതൽ ആകർഷകമാക്കാനും 100 ദിവസത്തിനുള്ളിൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള പദ്ധതി.<br><br>6. പ്രവാസി മലയാളി സംഘടനകളുമായി സഹകരിച്ച് മലയാളം മിഷന്റെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള പദ്ധതി.<br>7. സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പ്രവാസികളെ പങ്കെടുപ്പിക്കാൻ ഫലപ്രദമായ നടപടികൾ 100 ദിവസത്തിനുള്ളിൽ സ്വീകരിക്കുന്ന പദ്ധതി.<br><br>8.വിദേശരാജ്യങ്ങളിൽ സാംസ്ക്കാരിക |

| | | | |
|---|---|---|---|
| | | | വകുപ്പുമായ് കൈകോർത്ത് പ്രവാസി കലാമേളകൾ സംഘടിപ്പിക്കൽ.<br><br>9. ഇന്ത്യൻ എംബസ്സികളുമായും പ്രവാസി സംഘടനകളുമായും സഹകരിച്ച് ഗൾഫിൽ നിസ്സാരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവർക്ക് നിയമസഹായം നൽകാൻ നടപടികൾ സ്വീകരിക്കുന്ന പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി. |
| (സി) | പദ്ധതികളെ. സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) യും (ഡി) യും | 1. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന വായ്പ അനുവദിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനകം 320 സംരംഭകർക്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.<br><br>2. നിലവിൽ നോർക്ക സെല്ലുകൾ ഇല്ലാതിരുന്ന പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ കളക്ടറേറ്റുകളോടനുബന്ധിച്ച് സെല്ലുകൾ ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള ആലപ്പുഴ, വയനാട്, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ നോർക്ക സെല്ലുകൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സ്ഥല സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദ വിവരം നൽകാമോ? | | |

| | | | |
|---|---|---|---|
| | | | 3. ഗൾഫ് രാജ്യങ്ങളിൽ നോർക്ക അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതേയുള്ളു.<br><br>4. 2015 ജനുവരി മാസത്തിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ (Global NRK meet) വിദേശ മലയാളി ഉദ്യോഗദാതാക്കളുടെ യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>5. പ്രവാസി ക്ഷേമനിധി നവീകരിക്കുന്നതിന്റേയും കൂടുതൽ ആകർഷകമാക്കുന്നതിന്റേയും ഭാഗമായി കേരള പ്രവാസി കേരളീയ ക്ഷേമനിധി അംഗങ്ങൾക്കായി വിദ്യാഭ്യാസ ആനുകൂല്യം പദ്ധതി ഈ വർഷം മുതൽ ആരംഭിച്ചു. 60 വയസ്സ് പൂർത്തിയാക്കുന്ന ക്ഷേമനിധിയിലെ അംഗങ്ങൾക്കായുള്ള പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. അംഗങ്ങളുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ഭവന വായ്പ പദ്ധതി തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തി പ്രവാസി ക്ഷേമനിധി ആകർഷകമാക്കാനുള്ള നിർദ്ദേശങ്ങൾക്ക് രൂപം നൽകി വരുന്നു.<br><br>6. കേരളത്തിന് പുറത്ത് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ മലയാളം |

| | | | |
|---|---|---|---|
| | | | മിഷൻ പ്രവർത്തനമുണ്ട്. ഗുജറാത്തിലെ വിവിധ മേഖലകളിലും ഗോവ, കൊങ്കൺ, ഭിലായ്, ബാംഗ്ലൂർ, പൂനെ എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളായ യു.കെ, ബഹറിൻ, ഒമാൻ, യു.എസ്.എ എന്നിവിടങ്ങളിൽ മലയാളം മിഷൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. നോർക്ക വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തനങ്ങൾ വിപുലമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>7. 2015 ജനുവരി മാസത്തിൽ നടക്കുന്ന ഗ്ലോബൽ എൻ.ആർ.കെ മീറ്റിൽ വിദേശ മലയാളികളെ സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ഉതകുന്ന ചർച്ചകൾ കുടി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.<br><br>8. വിദേശ രാജ്യങ്ങളിൽ പ്രവാസി കലാമേളകൾ സംഘടിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.<br><br>9. പ്രവാസി ലീഗൽ അസിസ്റ്റൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സുഗമമായ നടത്തിപ്പിന് ഇന്ത്യൻ എംബസ്സികളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ